# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4076** **27.06.2012-ൽ മറുപടിക്ക്**

## എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ററർ ചെയ്തവരുടെ വിവരം

| ചോദ്യം<br>ശ്രീ. റ്റി. വി. രാജേഷ് | ഉത്തരം<br>ശ്രീ ഷിബു ബേബി ജോൺ<br>(ബഹു. തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
|---|---|
| (എ) സംസ്ഥാനത്തെ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു :<br>(1) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കംപ്യൂട്ടർവൽക്കരിക്കുന്നതിനും നെറ്റ് വർക്കിംഗിലൂടെ ബന്ധപ്പെടുത്തുന്നതിനുമുള്ള നടപടികൾ പൂർത്തിയായി വരുന്നു. രജിസ്ട്രേഷൻ, പുതുക്കൽ, സർട്ടിഫിക്കറ്റ് ചേർക്കൽ, ഒഴിവുകൾക്കുള്ള ലിസ്റ്റ് നൽകൽ തുടങ്ങിയ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതാണ്.<br>(2) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ Employability Centres ആക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.<br>(3) വൊക്കേഷണൽ ഗൈഡൻസ് പദ്ധതികളിൽ സമൂലമാറ്റം വരുത്തിക്കൊണ്ട് യൂണിറ്റുകൾ ശക്തിപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.<br>(4) തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് വകുപ്പ് മുഖാന്തിരം സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സ്വയം തൊഴിൽ പദ്ധതികൾ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ, ശില്പശാലകൾ, ഏകദിന സംരഭകത്വ വികസന പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (ബി) 30-4-2012 വരെ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിൽ എത്ര തൊഴിലന്വേഷകർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) 30.04.2012 വരെ 43,44,102 തൊഴിലന്വേഷകർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 31-5-2012 വരെ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴി എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) 31.05.2012 വരെ 11,810 പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ